പി.എച്ച്.സി. കോടനാട്	ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/വാർഡ് മെമ്പർ/രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ/ മെഡിക്കൽ ഓഫീസർ/ഫാർമസിസ്റ്റ്/നഴ്സ്.
പി.എച്ച്.സി. മുടക്കുഴ	വാർഡ് മെമ്പർ/രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ/ ഇലക്ട്രിസിറ്റി എൻജിനീയർ/മെഡിക്കൽ ഓഫീസർ, എൽ.എച്ച്.എ.

ആയുർവേദ വകുപ്പ്

എം.എൽ.എ., മുൻസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ, എന്നിവരും മറ്റ് വികസന സമിതി അംഗങ്ങളും പങ്കെടുത്തിട്ടുണ്ട്.

(എഫ്) കൃത്യമായി എച്ച്.ഡി.സി. വിളിച്ചു കൂട്ടാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

മഞ്ചേരി ക്ഷയരോഗ നിവാരണ കേന്ദ്രം പുനരുദ്ധരിക്കാൻ നടപടി

151 (3105) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രത്തിൽ ക്ഷയരോഗ ചികിത്സാ സൗകര്യങ്ങളും ഡോക്ടർമാരും നിലവിലുണ്ടോ ;

(ബി) പുതുക്കിയ ക്ഷയരോഗ നിവാരണ പദ്ധതിയനുസരിച്ച് ജില്ലാ കേന്ദ്രത്തിന് പ്രസക്തി കുറഞ്ഞിട്ടുണ്ടോ ;

(സി) ജില്ലാ കേന്ദ്രത്തിൽ ഉച്ചവരെ മാത്രമാണ് പ്രവർത്തനം നടക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജീർണ്ണാവസ്ഥയിലുള്ള ഈ കേന്ദ്രത്തിന്റെ കെട്ടിടം പുനരുദ്ധരിക്കാനും കേന്ദ്രം വിപുലമായി പ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പദ്ധതി അനുസരിച്ച് ജില്ലയിലെ ക്ഷയരോഗ നിയന്ത്രണ പരിപാടികൾക്ക് നേതൃത്വം നൽകുന്നത് ജില്ലാ ക്ഷയരോഗ കേന്ദ്രം ആണ്.

(സി) എല്ലാ ക്ഷയരോഗ കേന്ദ്രങ്ങളിലും രോഗപരിശോധന ഉച്ചയ്ക്ക് ഒരു മണിവരെയാണ്. രോഗികളെ വീട്ടിൽ പോയി കാണുന്നതുൾപ്പെടെയുള്ള ഫീൽഡ് വർക്ക് ഉച്ച കഴിഞ്ഞ് നടക്കുന്നുണ്ട്.

(ഡി) പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി പ്രകാരം അനുവദിച്ച ഒരു ലക്ഷം രൂപ ജില്ലാ ക്ഷയരോഗ കേന്ദ്രത്തിന്റെ അറ്റകുറ്റ പണിക്കായി ഉപയോഗിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ പ്രവർത്തനം നന്നായി നടക്കുന്നുണ്ട്. ജില്ലയിലെ മൊത്തം ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly